LIBRARY ARCHIVES Kerala Legislative Assembly

ഭവനനിർമ്മാണ പദ്ധതികൾ

20 (*320) ഡോ. എൻ. ജയരാജ് :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വിവിധ ഭവന നിർമ്മാണ പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ഹൗസിങ്ങ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) ജില്ലാ ഹൗസിംഗ് സൊസൈറ്റികളുടെ രൂപീകരണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ സർവ്വീസിൽ നിയമന നിരോധനം

21 (*321) ശ്രീ. റ്റി. വി. രാജേഷ് :

,, ആർ. രാജേഷ് :

,, പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിയമന നിരോധനമില്ലെന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടും നിലവിൽ നിയമനം നടക്കാതിരിക്കുകയാണെന്ന സാഹചര്യം തിരിച്ചറിഞ്ഞിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പി.എസ്.സി. നിയമനത്തിനു ശിപാർശ ചെയ്യപ്പെടുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന നിർദ്ദേശം വകുപ്പ് തലവൻമാർക്ക് നൽകിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) നിയമന നിരോധനം നിലവിൽ ഇല്ല. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് വിവിധ തസ്തികകളിൽ നിയമനം നടക്കുന്നുണ്ട്.

(ബി) ഒഴിവുകളുടെ ലഭ്യതയ്ക്കനുസരിച്ച് നിയമനത്തിൽ ഏറ്റക്കുറച്ചിലുകൾ വരാറുണ്ട്. എങ്കിലും പൊതുവിൽ പി.എസ്.സി. നിയമന ശിപാർശകളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതില്ല എന്ന് വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടില്ല. മറിച്ച് നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വായ്പ

22 (*322) ശ്രീ. മോൻസ് ജോസഫ് :
,, റ്റി. യു. കുരുവിള :
,, തോമസ് ഉണ്ണിയാടൻ :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവർക്ക് ഏതെല്ലാം വിധത്തിലുള്ള ആനുകൂല്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ വായ്പാ ഗുണഭോക്താക്കൾക്ക് കേന്ദ്ര സർക്കാർ ഏതെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ;

(സി) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവരുടെ ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly